12.	ചാത്തൻകോട്ടുനട (രണ്ടാംഘട്ടം)	–	7.00 മെ.വാ/17.74 മി.യൂ
13.	കക്കാടംപൊയിൽ 11	–	5.00 മെ.വാ/15.21 മി.യൂ
14.	പുഴിത്തോട്	–	3.50 മെ.വാ/10.41 മി.യൂ
15.	വിളങ്ങാട്	–	7.00 മെ.വാ/22.62 മി.യൂ
16.	മണിയാർടെയിൽറേസ്	–	5.00 മെ.വാ/23.20 മി.യൂ
17.	മർമല	–	7.65 മെ.വാ/12.80 മി.യൂ
18.	പെരുംതേനരുവി	–	10.00 മെ.വാ/34.00 മി.യൂ
	ആകെ		104.75 മെഗാവാട്ട്

(ബി) പണി പൂർത്തിയാകുന്ന മുറയ്ക്കേ എന്ത് ചെലവാകുമെന്ന് അന്തിമമായി കണക്കാക്കാനാവൂ.

(സി-എഫ്) ഐ. എൻ. എസ്. എച്ച്. പി. എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 18 ചെറുകിട പദ്ധതികളിൽ 4 പൈലറ്റ് പദ്ധതികൾക്കാവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കി അവ സ്ഥാപിച്ചു നൽകുന്നതിനുള്ള കരാറിലും, ബാക്കി 14 പദ്ധതികളുടെ എഞ്ചിനീയറിംഗ് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള എഗ്രിമെന്റിലും വൈദ്യുതി ബോർഡ് ഒപ്പുവെച്ചിട്ടുണ്ട്. പ്രസ്തുത കരാറിലെയും എഗ്രിമെന്റിലേയും പ്രധാനപ്പെട്ട വ്യവസ്ഥകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

വൈദ്യുതി പദ്ധതിക്കുള്ള വിദേശസഹായം

54 (889) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ഇ.ബി.യുടെ ഏതെല്ലാം പദ്ധതികൾക്കാണ് വിദേശ സഹായം ലഭ്യമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി എത്ര തുക ലഭിച്ചു ;

(സി) പ്രസ്തുത പദ്ധതികൾക്കായി ലോൺ അനുവദിച്ച് കിട്ടുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം ആയിരുന്നു ;

(ഡി) വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാമോ ?

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) വിവിധ പദ്ധതികൾക്കായി ലഭിച്ച വിദേശ സഹായത്തെ സംബന്ധിച്ച് വിശദ വിവരം താഴെ ചേർക്കുന്നു.

I. ബ്രഹ്മപുരം താപനിലയം - 269888785.94 ഫ്രഞ്ച് ഫ്രാങ്ക്.

ബ്രഹ്മപുരത്ത് മെഷീനുകൾ സപ്ലൈ ചെയ്യുന്നതിനും ഫ്രഞ്ച് സൂപ്പർ വിഷനും വേണ്ടി ഫ്രഞ്ച് നാണയത്തിൽ കൊടുക്കേണ്ട തുകയുടെ 85% ആണ് എഗ്രിമെന്റ് പ്രകാരം ലോണായി എടുത്തിട്ടുള്ളത്. ബ്രഹ്മപുരം താപവൈദ്യുതി നിലയത്തിനായി ലഭിച്ച് വായ്പ സംബന്ധിച്ച് വിവരങ്ങൾ താഴെപ്പറയുന്നു.

1. വായ്പതരുന്ന സ്ഥാപനം - ക്രഡിറ്റ് ലയോണി ഫ്രാൻസ് ;
2. വായ്പ തുക - ഫ്രഞ്ചു ഫ്രാങ്ക് 28.99 കോടി ;
3. പലിശനിരക്ക് - 5.98% ;
4. കമ്മിറ്റ്മെന്റ് ഫീസ് - 0.5% ;
5. മാനേജ്മെന്റ് ഫീസ് - 0.5% ഫ്രാങ്ക് ;
6. വിദേശ നാണയം - ഫ്രഞ്ച് ഫ്രാങ്ക് ;
7. തിരിച്ചടയ്ക്കേണ്ട നാണയം - ഫ്രഞ്ച് ഫ്രാങ്ക് ;
8. തിരിച്ചടയ്ക്കേണ്ട ഗഡുക്കൾ - 24 തുല്യ അർദ്ധ വാർഷിക ഗഡുക്കൾ.

20-6-2000-ലെ കണക്കു പ്രകാരം ഫ്രഞ്ച് ഫ്രാങ്ക് 4.8 കോടിയോളം തിരിച്ചടച്ചിട്ടുണ്ട്. ഫ്രഞ്ച് ഫ്രാങ്ക് 24.15 കോടിയോളം വായ്പ ബാക്കിയുണ്ട്. ഇത് 20 തുല്യ തവണകളായിട്ടാണ് അടയ്ക്കേണ്ടത്. ഈ വായ്പക്ക് ഭാരതസർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്. ഭാരതീയ റിസർവ്വ് ബാങ്കിന്റെ അംഗീകാരവും ഈ വായ്പക്ക് ലഭിച്ചിട്ടുണ്ട്.

II. ഒ.ഇ.സി.എഫ്. (ജപ്പാൻ) ധനസഹായത്തോടെ ആർ.ഇ.സി. മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികളും അവയ്ക്ക് ലഭിച്ച വിദേശസഹായവും.

പേരൂർക്കട 66 കെ.വി. സിസ്റ്റം	-	308 ലക്ഷം രൂപ
കുറ്റിപ്പുറം 110 കെ.വി.സിസ്റ്റം	-	437 ലക്ഷം രൂപ
മലപ്പള്ളി 110 കെ. വി.സിസ്റ്റം	-	331 ലക്ഷം രൂപ
ഇരിങ്ങാലക്കുട 110 കെ.വി.സിസ്റ്റം	-	694 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ തുക കൂടാതെ ആകെ തുകയുടെ 10% ആയ 333 ലക്ഷം രൂപ കൺസൾട്ടന്റ് ഫീസായും 3% പദ്ധതികളുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായും ലഭിച്ചു.

വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

(1) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് ടേൺ കീ അടിസ്ഥാനത്തിലായിരിക്കണം.

(2) ഒരു കൺസൾട്ടന്റിനെ നിയമിച്ചിരിക്കണം.

III. കേരളം, ഇന്ത്യ, കാനഡ എന്നീ ഗവൺമെന്റുകളും കെ. എസ്. ഇ. ബി.യും 11-2-97-ൽ ഏർപ്പെട്ടിട്ടുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ എനർജി ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസസ് പ്രോജക്ടിന് കനേഡിയൻ ഇന്റർ നാഷണൽ ഡവലപ്പ്മെന്റ് ഏജൻസി 13.8 ദശലക്ഷം കനേഡിയൻ ഡോളർ സംഭാവനയായി നൽകുന്നുണ്ട്. ഇതിൽ 8.6 ദശലക്ഷം കനേഡിയൻ ഡോളർ കേരളത്തിന്റെ ഊർജ്ജ മേഖലക്കാണ്. ഈ വിദേശ സഹായം ലോൺ അല്ല.

IV കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി.

കാനഡയിലെ എക്സ്പോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷനുമായി (ഇ.സി.സി) 28.05 മില്യൻ കനേഡിയൻ ഡോളറിന്റെ വായ്പാ കരാർ ഒപ്പു വച്ചിട്ടുണ്ട്. കരാർ പ്രകാരം 31-5-2000 വരെ പ്രസ്തുത പദ്ധതിക്ക് 25.48 മില്യൻ കനേഡിയൻ ഡോളർ വായ്പയായി ലഭിച്ചിട്ടുണ്ട്.

V പള്ളി വാസൽ, പന്നിയാർ, ചെങ്കുളം, ജലവൈദ്യുത പദ്ധതികളുടെ നവീകരണം.

കാനഡയിലെ എക്സ്പോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷനുമായി (ഇ.സി.സി) മേൽപ്പറഞ്ഞ പദ്ധതികളുടെ നവീകരണത്തിനായി 53.74 മില്യൻ കനേഡിയൻ ഡോളറിന്റെ വായ്പാ കരാർ ഒപ്പു വച്ചിട്ടുണ്ട്. കരാർ മൂലം 31-5-2000 വരെ പ്രസ്തുത പദ്ധതികൾക്ക് 25.89 മില്യൻ കനേഡിയൻ ഡോളർ വായ്പയായി ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് ഇ.ഡി.സി . വായ്പ സംബന്ധിച്ച് വ്യവസ്ഥകൾ താഴെപ്പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

	കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി	പള്ളിവാസൽ,ചെങ്കുളം പന്നിയാർ നവീകരണ പദ്ധതി
1. വായ്പ തരുന്ന സ്ഥാപനം	എക്സ്പോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ	എക്സ്പോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
2. വായ്പ തുക (എക്സ് പോഷർ ഫീ ഉൾപ്പെടെ)	28.05 മില്യൻ കനേഡിയൻ ഡോളർ	53.74 മില്യൻ കനേഡിയൻ ഡോളർ
3. തിരിച്ചടക്കേണ്ട തുടക്ക തീയതി	15-4-2000	15-10-2001
4. തവണ	17 തുല്യ അർദ്ധ വാർഷിക ഗഡുക്കൾ	17 തുല്യ അർദ്ധ വാർഷിക ഗഡുക്കൾ
5. പലിശ നിരക്ക്	7.01%	6.80%
6. എക്സ്പോഷർ ഫീസ്	6.26%	4.76%
7. കമ്മിറ്റ്മെന്റ് ഫീസ്	0.375%	0.375%
8. അഡ്മിനിസ്ട്രേഷൻ ഫീസ്	111000 യു.എസ്.ഡോളർ	209820 യു.എസ്.ഡോളർ
9. ഡോക്കുമെന്റേഷൻ ഫീസ്	45000 യു.എസ്.ഡോളർ	83900 യു.എസ്.ഡോളർ
10. വായ്പ ലഭിച്ച നാണയം	കനേഡിയൻ ഡോളർ	കനേഡിയൻ ഡോളർ
11. തിരിച്ചടയ്ക്കേണ്ട നാണയം	യു.എസ്.ഡോളർ	യു.എസ്.ഡോളർ

മുകളിൽ പറഞ്ഞ വായ്പകൾ ലഭ്യമാക്കുന്നതിന് ഭാരത സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും അംഗീകാരം ആവശ്യമാണ്. കൂടാതെ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും ലോൺ തുകയും പലിശയും മറ്റു ചെലവുകളും അടങ്ങിയ തുകയ്ക്കുള്ള ഡെഫേർഡ് പേമെന്റ് ഗ്യാരണ്ടിയും നൽകണം. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയ്ക്കായുള്ള വായ്പയ്ക്കുവേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളുടെ വായ്പക്കുവേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമാണ് ഡെഫേർഡ് പേമെന്റ് ഗ്യാരണ്ടി നൽകിയിട്ടുള്ളത്.

VI ഷൊർണ്ണൂർ-കൂറ്റനാട്-എടപ്പാൾ 66 കെ.വി.ഡബിൾ സർക്യൂട്ട് ലൈൻ മലപ്പുറം-എടരിക്കോട്-തിരൂർ സിംഗിൾ സർക്യൂട്ട് ലൈൻ, കൂറ്റനാട്, എടപ്പാൾ, എടരിക്കോട്, തിരൂർ എന്നിവിടങ്ങളിലെ അനുബന്ധ 66 കെ.വി സ്റ്റേഷനുകൾ എന്നിവയുടെ ശേഷി 110 കെ. വി. ആക്കി വർദ്ധിപ്പിക്കുന്നതിനും, കൂടാതെ 66 കെ.വി, വിയ്യൂർ-

LIBRARY ARCHIVES Kerala Legislative Assembly

കണ്ടശ്ശാംകടവ് ലൈൻ 110 കെ.വി. ആക്കാൻ വേണ്ട പോളിമർ ഇൻസുലേറ്റർ ലൈറ്റനിംഗ് അറസ്റ്റർ എന്നിവയ്ക്കും കനേഡിയൻ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾക്ക് സാധന സാമഗ്രികൾ കാനഡയിൽ നിന്ന് ഗ്രാന്റായി നൽകിയിരിക്കുകയാണ്. പ്രസ്തുത സഹായം ഉദ്ദേശം 1,03,68, 151.04 കനേഡിയൻ ഡോളറാണ്.

ലോഡ് ഷെഡിംഗ് പിൻവലിക്കുന്നതിനുള്ള തടസ്സം

55 (891) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ലോഡ്ഷെഡിംഗ് പൂർണ്ണമായി പിൻവലിക്കാൻ ഉദ്ദേശിക്കുന്ന തീയതി ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷയോടനുബന്ധിച്ച് ഒരു മാസം ലോഡ് ഷെഡിംഗ് പിൻവലിക്കാറുണ്ടോ ;

(സി) എങ്കിൽ അതേ ക്രമീകരണത്തിന്റെ രീതിയിൽ തുടർന്നും ലോഡ് ഷെഡിംഗ് പിൻവലിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഉണ്ട്.

(സി) ലോഡ് ഷെഡിംഗ് പിൻവലിക്കുന്ന സമയം ട്രാൻസ്ഫോമറുകളിലും ഫീഡറുകളിലും ലോഡു കൂടുകയും തൽഫലമായി വോൾട്ടേജ് വളരെ കുറയുകയും ചെയ്യുന്നു. ആയതിനാൽ മോട്ടോറുകൾ, മറ്റു ഗൃഹോപകരണങ്ങൾ മുതലായവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കാതെ വരുന്നു. പ്രസരണ-വിതരണ ശൃംഖലകളുടെ ശേഷിക്കുറവുമൂലമാണിത്. ഇപ്പോൾ നടന്നുവരുന്ന പ്രസരണ-വിതരണ ശൃംഖലയുടെ ശക്തിപ്പെടുത്തൽ ജോലികൾ പൂർത്തിയാക്കുന്നതോടെ ലോഡ്ഷെഡിംഗ് പൂർണ്ണമായി പിൻവലിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഉൽപ്പാദിപ്പിച്ച വൈദ്യുതി

56 (893) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഓരോ വർഷവും ഓരോ വൈദ്യുത പദ്ധതികളിലൂടെയും ഉൽപ്പാദിപ്പിച്ച വൈദ്യുതി എത്രയാണെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly